**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6488** **20-03-2023 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട്, നായരമ്പലം, ഞാറക്കൽ, കുഴുപ്പിള്ളി, പള്ളിപ്പുറം പഞ്ചായത്തുകളിൽ കഴിഞ്ഞ കുറെ നാളുകളായി അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമത്തിന് കാരണം വിശദമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട്, നായരമ്പലം, ഞാറക്കൽ, കുഴുപ്പിള്ളി, പള്ളിപ്പുറം പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം നടത്തുന്നത് ചൊവ്വര, ആലുവ ശുദ്ധീകരണ പദ്ധതികളിൽ നിന്നുമാണ്. ചൊവ്വര ശുദ്ധീകരണശാലയിലും, പറവൂർ പമ്പ് ഹൗസിലും വൈദ്യുതി മുടക്കം ഉണ്ടാകുന്നത് മൂലം പമ്പിംഗ് തടസ്സപെടുന്നത് ശുദ്ധജലക്ഷാമത്തിന് കാരണമായിട്ടുണ്ട്. കൂടാതെ വൈപ്പിൻ-പള്ളിപ്പുറം റോഡിൽ പാലങ്ങൾക്കടിയിലെ തോടിലൂടെ സ്ഥാപിച്ചിട്ടുള്ള പഴയ HDPE പൈപ്പുകൾ പൊട്ടുന്നതും ശുദ്ധജലക്ഷാമം ഉണ്ടാക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പഞ്ചായത്തുകളിലെ ശുദ്ധജല വിതരണത്തിനായി ആവശ്യമുള്ള ജലം എത്രയെന്നും ഇതിൽ കുറവുണ്ടായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പഞ്ചായത്തുകളിലെ ശുദ്ധജല വിതരണത്തിനായി ആവശ്യമായ ജലം 31 Mld-യും, വിതരണം ചെയ്യുന്നത് 24 Mld-ജലവുമാണ്. 7 Mld ജലത്തിന്റെ കുറവുണ്ട്. |
| (സി) | കുടിവെള്ള ക്ഷാമത്തിന്റെ പേരിൽ എടവനക്കാട് ഗ്രാമപഞ്ചായത്ത് ഭരണാധികാരികൾ മറ്റ് പഞ്ചായത്തുകൾക്ക് വെള്ളം ലഭ്യമാകുന്നത് തടഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഭവത്തിൽ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | എടവനക്കാട് പഞ്ചായത്തിലേക്ക് കുടിവെള്ള വിതരണം നടത്തുന്ന ഫീഡർ ലൈനായ 300 mm HDPE പൈപ്പ് കുഴുപ്പിള്ളി അയ്യമ്പിള്ളി പാലത്തിനു താഴെ ലീക്കായതിനാൽ എടവനക്കാട് പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടിരുന്നു. വെള്ളത്തിനടിയിലുള്ള ലീക്കായതിനാൽ പണികൾ ചെയ്യുന്നതിന് വളരെയധികം ബുദ്ധിമുട്ടുകൾ നേരിട്ടിരുന്നു. ഈ സാഹചര്യത്തിൽ എടവനക്കാട് അണിയിൽ ടാങ്കിൽ നിന്നുമുള്ള കുടിവെള്ളം കൂടുതൽ സമയം വിതരണം ചെയ്യണമെന്ന് എടവനക്കാട് പഞ്ചായത്ത് കമ്മിറ്റി ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം സമയം നീട്ടി നൽകിയിട്ടും രാത്രി വൈകിയും നായരമ്പലം, ഞാറക്കൽ പ്രദേശത്തേക്കുള്ള വാൽവ് തുറക്കാൻ എടവനക്കാട് പഞ്ചായത്ത് അംഗങ്ങൾ സമ്മതിക്കാതിരിക്കുകയുണ്ടായി. പ്രസ്തുത വിവരം |

| | | | | |
|---|---|---|---|---|
| | | | | ഞാറക്കൽ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറെ അറിയിക്കുകയും, രാത്രി തന്നെ പോലീസ്, കുടിവെള്ള ടാങ്ക് പരിസരത്ത് എത്തുകയും അവിടെ കൂടിയിരുന്നവരുമായി ചർച്ച നടത്തുകയുണ്ടായി. എന്നാൽ പ്രസ്തുത വാൽവ് തുറക്കാൻ അവർ സമ്മതിക്കാതിരിക്കുകയും, പരിസരം വിട്ട് പോകാതിരിക്കുകയുമുണ്ടായി. തുടർന്ന് രാവിലെ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് നായരമ്പലം, ഞാറക്കൽ ഭാഗത്തേക്കുള്ള വാൽവ് തുറന്നിട്ടുള്ളത്. അതുമൂലം നായരമ്പലം, ഞാറക്കൽ ഭാഗത്തേക്കുള്ള കുടിവെള്ള വിതരണം തടസപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് നിയമ നടപടികൾ സ്വീകരിച്ചിട്ടില്ല. ഭാവിയിൽ ഇത്തരത്തിലുള്ള നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകുകയാണെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ